# കൃഷിപാഠശാല (Farmers Field Day Programme)
# മാതൃക കൃഷിത്തോട്ട സന്ദർശനം

നാളികേര കൃഷി മേഖലയിലെ നൂതനവും വേറിട്ടതുമായ അറിവുകൾ പങ്കുവയ്ക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ നാളികേര വികസന ബോർഡ് നടത്തി വരുന്ന പരിപാടിയാണ് കൃഷിപാഠശാല (Farmers Field Day Programme).

സംയോജിത ശാസ്ത്രീയ കൃഷിമുറകൾ, കൃഷിയിടം തയ്യാറാക്കൽ, സംയോജിത രോഗ നിയന്ത്രണം, വള പ്രയോഗങ്ങൾ, വിത്തുശേഖരണം, നടീൽ വസ്തുക്കളുടെ വിതരണം എന്നിവയെക്കുറിച്ചുള്ള അറിവുകൾ പരമാവധി പങ്കുവയ്ക്കുക എന്നതാണ് പ്രധാനമായും ഈ പരിപാടികൊ് ഉദ്ദേശിക്കുന്നത്.

വിജയകരമായി കൃഷി നടത്തിവരുന്ന കർഷകരുടെ പുരയിടം സന്ദർശനം നടത്തി പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനോടൊപ്പം പങ്കെടുക്കുന്ന മറ്റ് കർഷകർക്ക് അവരുടെ അറിവുകൾ പങ്കുവയ്ക്കുവാനുള്ള അവസരവും ഇതിലൂടെ ലഭിക്കുന്നു.

## മാനദണ്ഡങ്ങൾ

1. നാളികേര വികസന ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മയായിരിക്കണം.
2. 30 അംഗങ്ങൾ സന്ദർശനത്തിൽ പങ്കെടുത്തിരിക്കണം.
3. ഒരു അർദ്ധദിന പരിപാടിയായിട്ട് സംഘടിപ്പിക്കാവുന്നതാണ്.
4. തൊട്ടുടുത്തുള്ള കൃഷി ഓഫീസർ / KVK / CDB, സാങ്കേതിക വിദഗ്ദ്ധർ, വിദഗ്ദ്ധരായ കർഷകർ എന്നിവരെ ക്ലാസ് നയിക്കുന്നതിന് ക്ഷണിക്കാവുന്നതാണ്.

## പരിപാടി

| | | |
|---|---|---|
| 9.30 – 10.30 | – | രജിസ്ട്രേഷൻ |
| 10.30 – 11.00 | – | തെങ്ങ് കൃഷിരീതികൾ |
| 11.00 – 12.00 | – | കൃഷിത്തോട്ട സന്ദർശനം |
| 12.00 – 1.00 | – | അനുഭവങ്ങൾ പങ്കുവയ്ക്കൽ |
| 1.00 – 2.00 | – | ഉച്ചഭക്ഷണം |

ഈ പരിപാടിയുടെ നടത്തിപ്പിനായി പരമാവധി Rs.7500/- രൂപ നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

## ഇനം തിരിച്ചുള്ള ചെലവ്

| | | |
|---|---|---|
| 1. | പേന, ബുക്ക്, തോട്ട ഉടമയുടെ തോട്ട സന്ദർശന ചെലവ് | 1900 |
| 2. | ചായ, ഉച്ചഭക്ഷണം (120 x 30) | 3600 |
| 3. | സാങ്കേതിക വിദഗ്ദ്ധർക്കുള്ള പ്രതിഫലം (1000 x 2) | 2000 |
| | **ആകെ** | **7500** |

# കൃഷിപാഠശാല അപേക്ഷ ഫാറം

# (Farmers Field Day Form)

1. കർഷക കൂട്ടായ്മയുടെ
   മേൽവിലാസം : .............................................................

   .............................................................

   ഫോൺ നമ്പർ .............................................................

   ഇ.മെയിൽ .............................................................

2. ഭാരവാഹികളുടെ പേരും
   ഫോൺ നമ്പർ : .............................................................

3. സന്ദർശിക്കുവാനുദ്ദേശിക്കുന്ന തോട്ടം : .............................................................

4. പരിപാടിയിൽ പങ്കെടുക്കുന്ന
   കർഷകരുടെ എണ്ണം : .............................................................

5. 2019–20 വർഷത്തിൽ ഈ പരിപാടി
   നടത്തിയിട്ടുേോ? : ഉ്  /  ഇല്ല

പങ്കെടുക്കുന്ന കർഷകർക്ക് പരമാവധി വിജ്ഞാനപ്രദമായ രീതിയിൽ ഈ പരിപാടി നടത്തികൊള്ളാമെന്നും ഈ സന്ദർശത്തിലൂടെ നേടിയ അറിവുകൾ കർഷകർ സ്വന്തം കൃഷിയിടത്തിൽ അനുവർത്തിക്കുവാൻ പ്രോത്സാഹിപ്പിക്കുമെന്നും ഉറപ്പു നൽകുന്നു. സന്ദർശന സംബന്ധമായ റിപ്പോർട്ടും അനുബന്ധരേഖകളും സന്ദർശന ശേഷം പരമാവധി 14 ദിവസത്തിനകം നാളികേര വികസന ബോർഡിൽ സമർക്കുന്നതായിരിക്കും.

പ്രസിഡന്റിന്റെ പേര്

സീൽ ഒപ്പ്

സ്ഥലം :

തിയതി :